# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4849 27.10.2016-ലെ മറുപടിക്ക്

### സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ

**ചോദ്യം**

**ശ്രീ. പി.കെ ശശി**

(എ) മുൻസർക്കാർ അധികാരത്തിലെത്തിയ കാലയളവിൽ സംസ്ഥാനത്ത് എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ടായിരുന്നു; അവയിൽ എത്ര ബാച്ചുകൾ; എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു എന്നും സർക്കാർ അധികാരമൊഴിയുമ്പോൾ അത് എത്രയായിരുന്നു എന്നും ഓരോ വർഷവും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടന്നു എന്നും വ്യക്തമാക്കുമോ;

**ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) മുൻ സർക്കാർ അധികാരത്തിലെത്തിയ കാലയളവിൽ (2011-12 അദ്ധ്യയന വർഷം) സംസ്ഥാനത്ത് 755 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളും, അവയിൽ 2677 ബാച്ചുകളുമുണ്ടായിരുന്നു. എയ്ഡഡ് മേഖലയിൽ 673 ഹയർസെക്കന്ററി സ്കൂളുകളും അവയിൽ 2927 ബാച്ചുകളുമുണ്ടായിരുന്നു. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ 1,61,958 വിദ്യാർത്ഥികളും, എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ 1,62,108 വിദ്യാർത്ഥികളും പ്രവേശനം നേടിയിരുന്നു. മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ (2015-16 അദ്ധ്യയന വർഷം) സംസ്ഥാനത്ത് 817 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളും അവയിൽ 2819 ബാച്ചുകളുമുണ്ടായിരുന്നു. എയ്ഡഡ് മേഖലയിൽ 844 ഹയർസെക്കന്ററി സ്കൂളുകളും അവയിൽ 3297 ബാച്ചുകളുമുണ്ടായിരുന്നു. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ 1,64,228 വിദ്യാർത്ഥികളും, എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ 1,78,529 വിദ്യാർത്ഥികളും പ്രവേശനം നേടിയിരുന്നു. മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഒഴിഞ്ഞു കിടന്ന സീറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ എണ്ണം |
|---|---|
| 2011-12 | 35,962 |
| 2012-13 | 50,679 |
| 2013-14 | 25,185 |
| 2014-15 | 31,652 |
| 2015-16 | 28,762 |

(ബി) ഈ സർക്കാർ എത്ര പുതിയ സ്കൂളുകൾ (പ്ലസ് ടു )/ ബാച്ചുകൾ അനുവദിച്ചു എന്നും നിലവിൽ എത്ര പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പുതിയ ഹയർസെക്കന്ററി സ്കൂളുകളോ അധിക ഹയർസെക്കന്ററി ബാച്ചുകളോ അനുവദിച്ചിട്ടില്ല. ഈ വർഷം ഇതുവരെ ഒഴിഞ്ഞു കിടക്കുന്ന പ്ലസ് വൺ സീറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ജില്ല** | **ഒഴിവ്** |
|---|---|
| തിരുവനന്തപുരം | 2532 |
| കൊല്ലം | 2668 |
| പത്തനംതിട്ട | 4212 |
| ആലപ്പുഴ | 2545 |
| കോട്ടയം | 3281 |
| ഇടുക്കി | 2164 |
| എറണാകുളം | 3973 |
| തൃശ്ശൂർ | 3730 |
| പാലക്കാട് | 2454 |
| കോഴിക്കോട് | 2349 |
| മലപ്പുറം | 4615 |
| വയനാട് | 765 |
| കണ്ണൂർ | 2300 |
| കാസറഗോഡ് | 1753 |
| മറ്റുള്ളവ (ഗൾഫ്, ലക്ഷദ്വീപ്, മാഹി) | 2829 |
| **ആകെ** | **42170** |

(സി) എയ്ഡഡ് മേഖലയിൽ എത്ര പ്ലസ് ടു സ്കൂളുകൾ നിലവിലുണ്ട് എന്നും ഇവയിൽ നിലവിലുള്ള ജീവനക്കാർ എത്ര എന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് മേഖലയിൽ 844 ഹയർസെക്കന്ററി സ്കൂളുകളുണ്ട്. ഇവയിൽ അദ്ധ്യാപക തസ്തികകളും ലാബ് അസിസ്റ്റന്റ് തസ്തികകളുണ്ട്. എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ശേഖരിച്ചു വരുന്നു.

(ഡി) പ്രസ്തുത എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ എപ്രകാരമാണെന്നും ഓരോ ഉദ്യോഗാർത്ഥിയും അനേക ലക്ഷം കോഴ നൽകി യാതൊരു പരീക്ഷയ്ക്കും വിധേയമാകാതെ നിയമിക്കപ്പെടുന്നതുമൂലം പ്രസ്തുത മേഖലയിൽ മൂല്യശോഷണം ഉണ്ടാകുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരമാണ്. എയ്ഡഡ് മേഖലയിൽ മാത്രമായി മൂല്യശോഷണമുള്ളതായി സർക്കാർ കരുതുന്നില്ല.

| | |
|---|---|
| (ഇ) പ്ലസ് ടു മേഖലയിലെ എല്ലാ നിയമനങ്ങളും പി.എസ്.സി. വഴിയാക്കുന്നത് പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.